പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 280 08.11.2019-ലെ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിക്കുന്ന

## കെ.എസ്.ആർ.ടി.സി. നടപടി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>" മോൻസ് ജോസഫ്<br>" പി.ജെ.ജോസഫ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിക്കുന്ന കെ.എസ്.ആർ.ടി.സി. യുടെ നടപടിക്ക് പരിഹാരം കണ്ടെത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും, മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. എന്നാൽ തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ അപേക്ഷകളും, ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും, 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും, കെ.എസ്.ആർ.ടി.സി നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പ്രത്യേക അനുമതി നൽകി തീർപ്പ് കൽപ്പിക്കാറുണ്ട്. |
| (ബി) | സംസ്ഥാനത്തെ അംഗീകൃത സി.ബി.എസ്.ഇ. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇനിയും കൺസഷൻ നൽകിയിട്ടില്ല എന്ന പ്രശ്നത്തിന് എന്ത് പരിഹാരമാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) | സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾക്ക് തനതു വർഷത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ-യുടെ കേന്ദ്ര ഓഫീസിൽ നിന്നുള്ള അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. അത്തരത്തിൽ 2019-20 വർഷത്തെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയ എല്ലാ സ്കൂളുകൾക്കും 2019-20 അദ്ധ്യയന വർഷം കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അധ്യയനവർഷം തുടങ്ങി അഞ്ചു മാസം കഴിഞ്ഞിട്ടും കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രം ഓടുന്ന പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ കൺസഷൻ പ്രശ്നത്തിന് പരിഹാരം ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നിഷേധിച്ചിട്ടില്ല. എന്നാൽ തനത് വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടേയും, ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും, 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും, കെ.എസ്.ആർ.ടി.സി നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളുടെ അപേക്ഷകളും ചീഫ് ഓഫീസ് തലത്തിൽ പ്രത്യേക അനുമതി നൽകി തീർപ്പ് കൽപ്പിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കൺസഷൻ അപേക്ഷകളും നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്ത് നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2019-20 അദ്ധ്യയന വർഷം തുടങ്ങിയതുമായി ബന്ധപ്പെട്ട് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് ഡോക്കിലുള്ള ബസ്സുകൾ അറ്റകുറ്റപണികൾ തീർത്ത് സർവ്വീസിന് യോഗ്യമാക്കുന്നതിന് എല്ലാ യൂണിറ്റ് ഓഫീസർമാർക്കും മേഖലാ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യയന വർഷാരംഭത്തിന് മുമ്പ് തന്നെ കൺസഷൻ കൗണ്ടറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികൾക്ക് പരമാവധി സൗകര്യപ്രദമായ രീതിയിൽ കൗണ്ടർ പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**